## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5212** **27.06.2019 - ൽ മറുപടിക്ക്.**

## റേഷൻ കാർഡ് വിതരണത്തിലെ അപാകതകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.വി.വിജയദാസ് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് റേഷൻകാർഡുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; എത്ര അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കേണ്ടതായിട്ടുണ്ട്;<br><br>**(ബി)** റേഷൻ കാർഡുകളുടെ വിതരണത്തിലുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപാകതകൾ പരിഹരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ? | **(എ) യും (ബി) യും** റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സംസ്ഥാനം മുഴുവൻ, തയ്യാറാക്കിയ റേഷൻകാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞു. ഉടമസ്ഥർ കൈപ്പറ്റാതെ അവശേഷിച്ച ഇരുപതിനായിരത്തിലധികം കാർഡുകൾ വേണ്ടത്ര അറിയിപ്പുകൾ നൽകിയ ശേഷം ആർ.സി.എം.എസ്.-ൽ നിന്നും നീക്കം ചെയ്തു വരുന്നു.<br><br>പുതിയ റേഷൻകാർഡ്, പേര് ചേർക്കൽ, പേരു കുറവ് ചെയ്യൽ, കാർഡ് ഒരു താലൂക്കിൽ നിന്നും മറ്റൊരു താലൂക്കിലേയ്ക്ക് മാറ്റൽ, തിരുത്തലുകൾ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുകയും ആയത് തീർപ്പാക്കി വിതരണം നടത്തി വരുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി സംസ്ഥാനമൊട്ടാകെ ഇതുവരെ ആകെ ലഭിച്ച 26.68 ലക്ഷം അപേക്ഷകളിൽ 78872 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിക്കുകയും 25.19 ലക്ഷം അപേക്ഷകളിൽ (97.29%) തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ 23.47 ലക്ഷം റേഷൻകാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ആകെ ലഭിച്ചതിൽ 92% അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിച്ച അപേക്ഷകളിൽ എത്രയും വേഗം തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം തയ്യാറാക്കിയ അന്തിമ മുൻഗണനാ പട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18.09.17 ലെ |

സ.ഉ (സാധാ)നം.320/17/ഭ.പൊ.വി.വ പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

സ്വമേധയാ സറണ്ടർ ചെയ്യതിന് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നു വരുന്നു. തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡേറ്റായുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**